(സി) ട്രോളിംഗ്, മത്സ്യമുട്ടകളെയും, മത്സ്യക്കുഞ്ഞുങ്ങളെയും നശിപ്പിക്കുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നത്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ ജീവിത സാഹചര്യം ലഭ്യമാക്കുന്നതിനും മത്സ്യ സമ്പത്ത് സംരക്ഷിക്കുക, അമിതമത്സ്യ ചൂഷണം ഒഴിവാക്കുക, മത്സ്യമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, പ്രക്ഷുബ്ധമായ കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക എന്നിവയും ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളാണ്.

അനധികൃത പാറ-മണ്ണ് ഖനനം

13 (*583) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി പാറ-മണ്ണ് ഖനനം നടക്കുന്നതായുള്ള വാർത്തകൾ പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാരിസ്ഥിതികാനുമതി സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനങ്ങളോടുകൂടിയാണിവ നടക്കുന്നതെന്നറിയാമോ ;

(സി) നിയമവ്യവസ്ഥകൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അനധികൃത ധാതുഖനനത്തിൽ പാരിസ്ഥിതികാനുമതി വ്യവസ്ഥകളുടെ ലംഘനവും ഉൾപ്പെടുന്നുണ്ട്.

(സി) ഫലപ്രദമാണ്.

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ്

14 (*584) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡേറ്റാബേസിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സംസ്ഥാന പോലീസ് മേധാവിയുടെ 7-9-2013 തീയതിയിലെ ഉത്തരവ് നമ്പർ T5-11238/12 പ്രകാരം സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ കുറ്റവാളികളുടെ ഒരു കേന്ദ്രീകൃത ഡേറ്റാബേസ് ഉണ്ടാക്കുവാൻ പോലീസ് കമ്പ്യൂട്ടർ സെന്ററിലെ സോഫ്റ്റ്വെയർ വിഭാഗത്തെ ചുമതലപ്പെടുത്തിയതനുസരിച്ച് സോഫ്റ്റ്വെയർ തയ്യാറാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ട്.

(ബി) കേരള പോലീസിൽ ഇതുവരെ റിപ്പോർട്ടായ കേസ്സുകളുടെ ഒരു Unified Data Bank ഇല്ലാത്തതു കാരണം ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിൽ പോയി ക്രൈം കേസ്സുകളിൽ പ്രതികളായാൽ സ്വന്തം ജില്ലകളിൽ അറിയുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. Police Clearance certificate, Passport Verification, Job verification എന്നിവ ഇവർക്ക് വളരെ ലാഘവത്തോടെ മറികടക്കാൻ സാധിക്കുന്നു. മറ്റ് ജില്ലകളിൽ ലോങ് പെൻഡിംഗ് വാറണ്ടുകൾ ഉണ്ടായിരുന്നാലും പ്രത്യേകിച്ച് സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാലും ഇത്തരക്കാർക്ക് സ്വന്തം ജില്ലകളിലെ സർക്കാർ ഓഫീസുകളിലും മറ്റും കയറിയിറങ്ങി പുതിയ കുറ്റകൃത്യങ്ങളിൽ പങ്കാളിയാകാൻ കഴിയുന്നു. ഓൺലൈൻ ക്രൈം ക്രിമിനൽ ഡാറ്റാബേസ്വഴി ക്രിമിനൽ പശ്ചാത്തലമുള്ള ആളുകളെ ഓൺലൈൻവഴി ഏത് പോലീസ് സ്റ്റേഷനിൽ ഇരുന്നുകൊണ്ടും തിരിച്ചറിയാൻ കഴിയുമെന്നതിനാൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ മനസ്സിലാക്കി നിയമനടപടികൾക്ക് വിധേയരാക്കുക, കുറ്റകൃത്യങ്ങളിൽ നിന്നും കുറ്റവാളികളെ പിന്തിരിപ്പിക്കുക അതുവഴി കുറ്റവാളികളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുറ്റവാളികളുടെ കേസുവിവരങ്ങൾ, മേൽവിലാസം, ഏതു തരം കുറ്റകൃത്യമാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തുന്നത്.

(ഡി) കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്യുന്ന ഗൗരവസ്വഭാവമുള്ള കേസ്സുകളിലെ പ്രതികളെ ഉൾപ്പെടുത്തിയാണ് Criminal Data Base ഉണ്ടാക്കുന്നത്. 2013 ജനുവരി ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ സ്റ്റേഷനുകളിലും റിപ്പോർട്ടാകുന്ന ഇത്തരം കേസ്സുകളെപ്പറ്റിയുള്ള വിവരങ്ങൾ സെക്യൂരിറ്റി അലർട്ട് സിസ്റ്റത്തിലേക്ക് Data entry ചെയ്തുവരുന്നു. സോഫ്റ്റ് വെയർ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐഡികളും, പാസ് വേഡുകളും ഉപയോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly